**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2924** **14-09-2023 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ ഒന്നിലധികം പേർ ഒരേസമയം ഉപയോഗിക്കുമ്പോൾ തകരാറിലാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. എന്നാൽ network -ന്റെ പ്രശ്നം കാരണം രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ തകരാറിലാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എൻ.എൽ - മായി ബന്ധപ്പെട്ടുകയും internet-ന്റെ വേഗത കൂട്ടുന്നതിനായി Copper Circuit – കൾക്കു പകരം Optical Fibre Circuit -കൾ മാറ്റി സ്ഥാപിക്കുകയും internet-ന്റെ വേഗത 2mbps-ൽ നിന്നും 4mbps-ലേയ്ക്ക് ഉയർത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിൽ ഓൺലൈൻ സ്ഥലമാറ്റം നടപ്പിലാക്കിയിട്ടുണ്ടോ; എത് ഏജൻസി മുഖാന്തിരമാണ് നടപ്പിലാക്കുന്നത്; എൻ.ഐ.സി.യുമായി ധാരണപത്രം നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | രജിസ്ട്രേഷൻ വകുപ്പിൽ 2022 മുതൽ ഓൺലൈൻ സ്ഥലമാറ്റം നടപ്പാക്കിയിട്ടുണ്ട്. 'SPARK' പോർട്ടലിലൂടെയാണ് രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സ്ഥലമാറ്റം നടത്തിയിട്ടുള്ളത്. ഇതിനായി രജിസ്ട്രേഷൻ വകുപ്പ് എൻ.ഐ. സി.യുമായി ധാരണാപത്രം ഒപ്പിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ